സ്ഥാപിതം 1964

സ്വതന്ത്രമണ്ഡപം

Independent Daily

പൂത്തോൾ, തൃശൂർ – 680004

സ്വതന്ത്രമണ്ഡപം
പത്രത്തിന്റെ
ഓൺലൈൻസന്ദർശിക്കുക
Visit
Swathanthra Mandapam Online
www.swathanthramandapam.com

www.swathanthramandapam.com വാല്യം: 60 ലക്കം: 37 2025 ഏപ്രിൽ 17 വ്യാഴം പേജ്: 2 വില: 1 രൂപ PHONE: 2384127, 2384558 E-mail: smdaily03@yahoo.co.in

സ്വർണ്ണം കുതിച്ചുകയറി; ഇന്ന് ഏറ്റവും ഉയർന്ന വില

കൊച്ചി: രണ്ട് ദിവസം അൽപം വിലയിടിഞ്ഞ ശേഷം ഇന്ന് വീണ്ടും സ്വർണ വില കുതിച്ചു കയറി. ഗ്രാമിന് 95 രൂപ വർധിച്ച് 8815 രൂപയും പവന് 760 രൂപ കൂടി 70520 രൂപയുമായി. ട്രായ് ഔൺസിന് 3280 ഡോളറാണ് അന്താരാഷ്ട്ര സ്വർണവില. രൂപയുടെ വിനിമയ നിരക്ക് 85.52 ആണ്. 24 കാരറ്റ് സ്വർണ്ണവില കിലോഗ്രാമിന് ബാങ്ക് നിരക്ക് 95 ലക്ഷം രൂപ ആയി. അന്താരാഷ്ട്ര സംഘർഷങ്ങളിലും താരിഫ് തർക്കങ്ങളിലും അയവു വന്നിട്ടില്ല. ഇപ്പോഴത്തെ സാഹചര്യത്തിൽ സ്വർണ്ണവില കുറയാനുള്ള യാതൊരു കാരണവും കാണുന്നില്ലെന്നാണ് ഈ മേഖലയിലുള്ളവരുടെ നിരീക്ഷണം.

അന്താരാഷ്ട്ര സ്വർണവില ട്രായ് ഔൺസിന് 3300 ഡോളർ കടന്ന് മുന്നോട്ടു നീങ്ങിയാൽ 3500 ഡോളർ വരെ എത്തുമെന്ന സൂചനകളാണ് വരുന്നത്. 100-150 ഡോളറിന്റെ ഇറക്കത്തിനും സാധ്യത പ്രവചിക്കുന്നുണ്ട്.

ക്രിസ്തുവിന്റെ അന്ത്യ അത്താഴത്തിന്റെ ഓർമ പുതുക്കി ഇന്ന് പെസഹ വ്യാഴം

തിരു : യേശുക്രിസ്തുവിന്റെ അന്ത്യ അത്താഴത്തിന്റെ ഓർമ്മപുതുക്കി ലോകമെമ്പാടുമുള്ള ക്രൈസ്തവർ ഇന്ന് പെസഹാ ആചരിക്കുന്നു. പള്ളികളിൽ വിശുദ്ധ കുർബാനയും പ്രത്യേക കാൽകഴുകൽ ശുശ്രൂഷയും നടന്നു.

യേശുദേവന്റെ കുരിശുമരണത്തിന് മുമ്പ് 12 ശിഷ്യൻമാർക്കൊപ്പം നടത്തിയ അവസാന അത്താഴത്തിന്റെ സ്മരണയായാണ് പെസഹവ്യാഴം ആചരിക്കുന്നത്. ഓരോ ഇടവകയിൽ നിന്നും തിരഞ്ഞെടുക്കപ്പെടുന്നവരുടെ പാദം കഴുകുന്ന ചടങ്ങാണ് ഏറ്റവും പ്രധാനം. അന്ത്യ അത്താഴത്തിനു മുമ്പ് യേശു ശിഷ്യന്മാരുടെ പാദം കഴുകിയതിന്റെ ഓർമ്മയ്ക്കാണ് കാൽ കഴുകൽ ശുശ്രൂഷ. തുടർന്ന് അപ്പം മുറിക്കൽ ചടങ്ങും നടക്കും. കുരിശു മരണത്തിന്റെ സ്മരണയിൽ നാളെ ദുഃഖവെള്ളി ആചരിക്കും.

എ.കെ-203 റൈഫിളുകൾ വാങ്ങാൻ കേരള പോലീസ്; ഇന്ത്യയിൽ ആദ്യം

ന്യൂഡൽഹി: സേനയെ ആധുനികവത്കരിക്കുന്നതിന്റെ ഭാഗമായി കേരള പോലീസ് കൂടുതൽ തോക്കുകൾ വാങ്ങാനൊരുങ്ങുന്നു. സേനയ്ക്ക് വേണ്ടി 250 എ.കെ-203 തോക്കുകൾ വാങ്ങാനാണ് നീക്കം. ഏതാണ്ട് 2.5 കോടി രൂപയുടെ ഇടപാടാണ് നടക്കുക. കേരള പോലീസിന്റെ കൈവശമുള്ള ഇൻസാസ് അടക്കമുള്ള പഴക്കം ചെന്ന തോക്കുകൾ മാറ്റി കൂടുതൽ കൃത്യതയുള്ള ആയുധങ്ങൾ വാങ്ങുന്നതിന്റെ ഭാഗമായാണ് പുതിയ നീക്കം.

തോക്കുകൾ വാങ്ങാനുള്ള ടെൻഡർ മാർച്ച് 31-നാണ് വന്നത്. സേനയ്ക്ക് വേണ്ടി എ.കെ-203 റൈഫിളുകൾ വാങ്ങാനുദ്ദേശിച്ചാണ് ടെൻഡർ വിളിച്ചത്. ഇന്ത്യയിൽ ഈ തോക്കുകൾ നിർമിക്കുന്ന ഒരേയൊരു കമ്പനിയേയുള്ളു. അത് ഐ.ആർ.ആർ.പി.എൽ ആണ്. ടെൻഡറിൽ പങ്കെടുക്കുമെന്ന് ഐ.ആർ.ആർ.പി.എൽ വ്യക്തമാക്കിയിട്ടുമുണ്ട്. ഇന്ത്യ - റഷ്യ സംയുക്ത സംരംഭമായി അമേത്തിയിൽ പ്രവർത്തിക്കുന്ന കമ്പനിയാണ് ഇൻഡോ-റഷ്യൻ റൈഫിൾസ് പ്രൈവറ്റ് ലിമിറ്റഡ്.

ഇടപാട് നടന്നാൽ എ.കെ-203 തോക്കുകൾ വാങ്ങുന്ന ഇന്ത്യയിലെ ആദ്യത്തെ പോലീസ് സേനയായി കേരള പോലീസ് മാറും. കേരള പോലീസിന്റെ പക്കൽ എ.കെ-47, ഇൻസാസ്, ജർമൻ കമ്പനിയായ ഹെക്കർ ആൻഡ് കോഷിന്റെ എംപി5 എന്നീ തോക്കുകളാണ് ഉള്ളത്. ഇതിനൊപ്പം മറ്റ് രാജ്യങ്ങളിൽ നിന്നുള്ള ക്ലോസ് കോംബാറ്റ് പിസ്റ്റളുകളും പോലീസിന്റെ പക്കലുണ്ട്.

നിലവിൽ ഇന്ത്യൻ സൈന്യം മാത്രമാണ് എ.കെ-203 തോക്കുകൾ ഉപയോഗിക്കുന്നത്. നിലവിൽ സൈന്യത്തിന്റെ കൈവശം ഒരുലക്ഷത്തോളം എ.കെ-203 തോക്കുകളാണ് ഉള്ളത്. ഏത് സാഹചര്യത്തിലും കാര്യക്ഷമതയോടെ ഉപയോഗിക്കാൻ സാധിക്കുന്ന ആയുധമായാണ് ഇതിനെ വിലയിരുത്തുന്നത്.

ഇതുവരെ സർക്കാരിനെതിരെ ഒരു കേസും കൊടുത്തിട്ടില്ല, അതിന് ദയവായി സാഹചര്യം ഒരുക്കരുത്: പ്രശാന്ത്

തിരു: അഡീഷണൽ ചീഫ് സെക്രട്ടറി ഡോക്ടർ ജയതിലകിനെ അധിക്ഷേപിച്ചതിന് അച്ചടക്കനടപടി നേരിടുന്ന ഐഎഎസ് ഉദ്യോഗസ്ഥൻ എൻ. പ്രശാന്ത് ഫെയ്സ്ബുക്ക് പോസ്റ്റുമായി വീണ്ടും രംഗത്ത്. തെളിവെടുപ്പിനായി ചീഫ് സെക്രട്ടറി ശാരദ മുരളീധരന്റെ മുന്നിൽ പ്രശാന്ത് ബുധനാഴ്ച ഹാജരായിരുന്നു. അതിന് മുൻപ് ചീഫ് സെക്രട്ടറിയെ പരിഹസിച്ചും പ്രശാന്ത് പോസ്റ്റ് പങ്കുവെച്ചിരുന്നു.

ചട്ടങ്ങളും നിയമങ്ങളും സർക്കാറിന് ബാധകമാണെന്നും അതിന് വിപരീതമായി പ്രവർത്തിച്ചിട്ട് 'ന്നാ താൻ പോയി കേസ് കൊട്' എന്ന് പറയുന്നത് നീതിയുക്തമായ ഭരണസംവിധാനത്തിന് ഭൂഷണമല്ലെന്നും പ്രശാന്ത് പോസ്റ്റിൽ പറയുന്നു.

താനിതുവരെ സർക്കാറിനെതിരെ ഒരു കേസും കൊടുത്തിട്ടില്ലെന്നും അതിന് ദയവായി സാഹചര്യം ഒരുക്കരുതെന്നും പ്രശാന്ത് കൂട്ടിച്ചേർക്കുന്നു.

'എംഎൽഎയുടെ തലവെട്ടുമെന്ന് പറഞ്ഞിട്ടില്ല, ആലങ്കാരിക പ്രയോഗമാണ് നടത്തിയത്'; പ്രശാന്ത് ശിവൻ

പാലക്കാട്: എംഎൽഎയുടെ തലവെട്ടുമെന്ന് പറഞ്ഞിട്ടില്ലെന്ന് ബിജെപി പാലക്കാട് ഈസ്റ്റ് ജില്ലാ പ്രസിഡന്റ് പ്രശാന്ത് ശിവൻ. ആലങ്കാരിക പ്രയോഗമാണ് നടത്തിയതെന്നും തല ആകാശത്തുവച്ച് നടക്കേണ്ടി വരുമെന്നാണ് പറഞ്ഞതെന്നും പ്രശാന്ത് ശിവൻ വ്യക്തമാക്കി. കാലുകുത്താൻ അനുവദിക്കില്ല എന്നാണ് പറഞ്ഞത്. അതിനർഥം കാലുവെട്ടുമെന്നല്ലെന്നും അദ്ദേഹം പറഞ്ഞു.

'പാലക്കാട് നൈപുണ്യവികസന കേന്ദ്രം തറക്കല്ലിടൽ ചടങ്ങ് കോൺഗ്രസ് അലങ്കോലപ്പെടുത്തി. പൊതുമുതൽ നശിപ്പിച്ചിട്ടും കോൺഗ്രസിനെതിരെ കേസെടുത്തിട്ടില്ല. അതിക്രമം നടത്തിയ രാഹുലിനെതിരെ കേസെടുത്തില്ല.

ബഡ്സ് സ്കൂളിന് ഹെഡ്ഗേവാറിന്റെ പേരുതന്നെയിടുമെന്ന് പാലക്കാട് നഗരസഭ

പാലക്കാട്; പാലക്കാട് നഗരസഭയുടെ കീഴിലുള്ള ബഡ്സ് സ്കൂളിന് ഹെഡ്ഗേവാറിന്റെ പേരുമായി തന്നെ മുന്നോട്ടുപോകുമെന്ന് നഗരസഭാ വൈസ് ചെയർപേഴ്സൺ ഇ. കൃഷ്ണദാസ്. തർക്കം പേരിനെച്ചൊല്ലി മാത്രമല്ലെന്നും അങ്ങനെയായിരുന്നെങ്കിൽ എന്തിനാണ് ഉദ്ഘാടനച്ചടങ്ങ് അലങ്കോലപ്പെടുത്തിയതെന്ന് കൃഷ്ണദാസ് ചോദിച്ചു. കോൺഗ്രസ് ഇത്രകാലം ഭരിച്ചിട്ട് ഭിന്നശേഷിക്കാർക്ക് വേണ്ടി എന്തു ചെയ്തുവെന്ന് പറയാൻ രാഹുൽ മാങ്കൂട്ടത്തിലിനെ വെല്ലുവിളിക്കുകയാണെന്നും അദ്ദേഹം പറഞ്ഞു.

ഡോ.ഹെഡ്ഗേവാറിന്റെ പേരിനെച്ചൊല്ലിയാണ് തർക്കമെന്ന് ഞാൻ വിശ്വസിക്കുന്നില്ല. ഹെഡ്ഗേവാറിന്റെ പേരിനെ ചൊല്ലിയായിരുന്നു തർക്കമെങ്കിൽ കൗൺസിലിൽ ഇത് വരുന്ന സമയത്ത് ചർച്ചയ്ക്ക് ധാരാളം സാധ്യതയുണ്ടായിരുന്നു. പേരിനെ സംബന്ധിച്ച് മാത്രമായിരുന്നെങ്കിൽ എന്തിനാണ് ഉദ്ഘാടനച്ചടങ്ങ് അലങ്കോലപ്പെടുത്തിയത്? ഇല്ലാത്ത കഥകൾ പറഞ്ഞ് അവിടെ ലഹളയ്ക്ക് വരാനുണ്ടായ സാഹചര്യമെന്തായിരുന്നു'-ഇ. കൃഷ്ണദാസ് ചോദിച്ചു.

'ഇവിടെ വികസനം നടക്കാൻ പാടില്ല എന്നതാണ് കോൺഗ്രസിന്റെ നയം. കോൺഗ്രസ് ഇത്രകാലം ഭരിച്ചിട്ട് ഭിന്നശേഷിക്കാർക്ക് വേണ്ടി എന്തുചെയ്തുവെന്ന് പറയാൻ രാഹുൽ മാങ്കൂട്ടത്തിലിനെ വെല്ലുവിളിക്കുകയാണെന്നും അദ്ദേഹം പറഞ്ഞു. കോൺഗ്രസിന് ആടിനെ പട്ടിയാക്കുന്ന മിടുക്കുണ്ട്. ജില്ലാ അധ്യക്ഷന്റെ ക്ലിപ്പ് ഞാൻ വളരെ വ്യക്തമായിട്ട് കേട്ടതാണ്. അദ്ദേഹം ഒരിക്കലും കാലുവെട്ടുമെന്ന് പറഞ്ഞിട്ടില്ല. പക്ഷേ രാഹുൽ അതിനെ കാലുവെട്ടുമെന്നാക്കി. ഇത്തരം മുടന്തൻ ന്യായങ്ങളുമായി വന്നാൽ അത് കാര്യമാക്കുന്നില്ലെന്നും തങ്ങളുടെ പ്രവർത്തനവുമായി മുന്നോട്ടുപോകുമെന്നും' കൃഷ്ണദാസ് കൂട്ടിച്ചേർത്തു.

ബിജെപി ഭരിക്കുന്ന പാലക്കാട് നഗരസഭയുടെ കീഴിലുള്ള ബഡ്സ് സ്കൂളിന് ഹെഡ്ഗേവാറിന്റെ പേര് നൽകിയതാണ് പ്രതിഷേധത്തിന് ഇടയാക്കിയത്. ഡിവൈഎഫ്ഐ, യൂത്ത് കോൺഗ്രസ് പ്രവർത്തകർ പ്രതിഷേധവുമായി രംഗത്തെത്തിയിരുന്നു. ബഡ്സ് സ്കൂളിന്റെ തറക്കല്ലിടൽ ചടങ്ങിനിടെയായായിരുന്നു പ്രതിഷേധം. നിരവധി രാഷ്ട്രീയക്കാർക്ക് പ്രചോദനമായ വ്യക്തി എന്ന നിലയിലാണ് ഹെഡ്ഗേവാറിന്റെ പേരിട്ടതെന്നാണ് ഭരണസമിതി അംഗങ്ങൾ വ്യക്തമാക്കിയിരുന്നത്.

നിയന്ത്രണം വിട്ട ലോറി മറിഞ്ഞ് മൂന്ന് പേർക്ക് പരിക്ക്

കുന്നംകുളം : എരുമപ്പെട്ടി കോട്ടപ്പുറത്ത് നിയന്ത്രണം വിട്ട ലോറി മറിഞ്ഞ് മൂന്ന് പേർക്ക് പരിക്ക്. ഇന്ന് പുലർച്ചെ മൂന്ന് മണിക്കാണ് അപകമുണ്ടായത്. കോട്ടയം സ്വദേശികളായ കാവിൽ കിഴക്കേതിൽ സുജിത്ത് (33), അഖിൽകുമാർ, കുമരൻ തറയിൽ(32) ടൈസൻ(33) എന്നിവർക്കാണ് പരിക്ക് പറ്റിയത്.

ലോറിക്കടിയിൽ കുടുങ്ങിയ ഒരാളെ ഹിറ്റാച്ചി ഉപയോഗിച്ച് ലോറി ഉയർത്തിയാണ് രക്ഷപ്പെടുത്തിയത്.

ഡ്രൈവർ ഷെറിൻ പരുക്കേൽക്കാതെ രക്ഷപ്പെട്ടു.

ലോറിക്കടിയിൽ കുടുങ്ങി കിടന്ന സുജിത്തിനെ പോലീസും ഫയർഫോഴ്സും എരുമപ്പെട്ടി ആക്ട്സ് പ്രവർത്തകരും നാട്ടുകാരും ചേർന്ന് ഹിറ്റാച്ചി ഉപയോഗിച്ച് ലോറി ഉയർത്തിയാണ് രക്ഷപ്പെടുത്തിയത്.

പരിക്കേറ്റവരെ ആക്ട്സ് പ്രവർത്തകർ മുളങ്കുന്നത്ത്കാവ് മെഡിക്കൽ കോളേജ് ആശുപത്രിയിൽ പ്രവേശിപ്പിച്ചു.

തെരുവുനായ്ക്കളുടെ ആക്രമണത്തിൽ 12കാരിക്ക് ഗുരുതര പരിക്ക്

കൽപ്പറ്റ: തെരുവുനായ്ക്കളുടെ ആക്രമണത്തിൽ പന്ത്രണ്ടുകാരിക്ക് ഗുരുതര പരിക്ക്. വയനാട് കണിയാമ്പറ്റയിൽ ഇന്ന് രാവിലെ ആറുമണിയോടെയാണ് സംഭവം നടന്നത്. പാറക്കൽ നൗഷാദിന്റെ മകൾ സിയ ഫാത്തിമയെയാണ് നാല് നായ്ക്കൾ ആക്രമിച്ചത്. പള്ളിത്താഴെ മദ്രസയിലേക്ക് പോകുമ്പോഴായിരുന്നു ആക്രണം. കുട്ടിയുടെ തലയിലും ശരീരത്തിലും ആഴത്തിൽ പരിക്കേറ്റിട്ടുണ്ട്. സിയയെ താലൂക്ക് ആശുപത്രിയിൽ പ്രവേശിപ്പിച്ചു

മോശമായി പെരുമാറിയത് ഷൈൻ ടോം ചാക്കോ, 'അമ്മ' യ്ക്ക് പരാതി നൽകി വിൻ സി

കൊച്ചി: സിനിമാ സെറ്റിലെ ദുരനുഭവവുമായി ബന്ധപ്പെട്ട് നടി വിൻ സി.അലോഷ്യസ് താരസംഘടനയായ അമ്മയ്ക്ക് പരാതി നൽകി. നടൻ ഷൈൻ ടോം ചാക്കോയ്ക്കെതിരെയാണ് വിൻസിയുടെ പരാതി. ലഹരി ഉപയോഗിച്ച് തന്നോട് മോശമായി പെരുമാറിയെന്നും സൂത്രവാക്യം എന്ന ചിത്രത്തിന്റെ സെറ്റിൽവെച്ചായിരുന്നു സംഭവമെന്നും പരാതിയിലുണ്ട്.

താരസംഘടനയ്ക്ക് പുറമേ ഫിലിം ചേംബറിനും വിൻസി പരാതി നൽകിയിട്ടുണ്ട്. ഷൈൻ ടോം ചാക്കോയ്ക്കെതിരെ നടപടി വേണമെന്ന് സിനിമാ മേഖലയിൽനിന്നുതന്നെ ആവശ്യമുയർന്നിട്ടുണ്ട്. അടുത്തിടെ ആലപ്പുഴയിലെ ഹൈബ്രിഡ് ലഹരി കേസുമായി ബന്ധപ്പെട്ടും ഷൈന്റെ പേര് ഉയർന്നുവന്നിരുന്നു. എന്നാൽ ഇക്കാര്യം ഷൈൻ നിഷേധിച്ചിരുന്നു. ഇതിനുപിന്നാലായാണിപ്പോൾ വിൻസി പരാതിയുമായി രംഗത്തെത്തിയത്. വിൻസിയുടെ വെളിപ്പെടുത്തലുമായി ബന്ധപ്പെട്ട് എക്സൈസും വിവരങ്ങൾ തേടും.

എന്റെ ഡ്രെസ്സിൽ ഒരു പ്രശ്നം വന്ന് അത് ശരിയാക്കാൻ പോയപ്പോൾ, ഞാനും വരാം, ഞാൻ വേണമെങ്കിൽ റെഡിയാക്കിത്തരാം എന്നൊക്കെ പറയുന്ന രീതിയിലേക്ക് അതും എല്ലാവരുടേയും മുന്നിൽവെച്ച് പറയുന്നരീതിയിലുള്ള പെരുമാറ്റം ഭയങ്കര ബുദ്ധിമുട്ടായിരുന്നു. അയാളുമായി സഹകരിച്ച് മുന്നോട്ടുപോകുന്നത് ബുദ്ധിമുട്ടായിരുന്നു. വേറൊരു സംഭവം പറയുകയാണെങ്കിൽ, ഒരു സീൻ പ്രാക്റ്റീസ് ചെയ്യുന്നതിനിടയിൽ ഈ നടൻ വെളുത്ത നിറത്തിലുള്ള പൊടി തുപ്പുകയാണ്. ഇതായിരുന്നു വിൻ സി കഴിഞ്ഞദിവസം വെളിപ്പെടുത്തിയത്.

തുടർന്ന് താരസംഘടനയായ അമ്മ, ഫെഫ്ക, ഫിലിം ചേംബർ എന്നിവർ നടിക്ക് പിന്തുണയുമായെത്തിയിരുന്നു. വിൻ സി പരാതിയുമായി മുന്നോട്ടുപോകുകയാണെങ്കിൽ പിന്തുണ നൽകുമെന്നാണ് ഡബ്ല്യുസിസിയുടെ നിലപാട്. വിൻ സി പരാമർശിച്ച സിനിമാ സെറ്റിൽ ആഭ്യന്തര പരാതിപരിഹാര സമിതി ഉണ്ടായിരുന്നോയെന്ന് പരിശോധിക്കണമെന്നും സംഘടന ആവശ്യപ്പെട്ടു.

വിൻസിയോട് സെറ്റിലെ ആഭ്യന്തര പരാതിപരിഹാര സമിതിയിൽ പരാതി നൽകാൻ ഫിലിം ചേംബർ നിർദേശിച്ചിരുന്നു. പരാതിയുടെ പകർപ്പ് ഫിലിം ചേംബർ മോണിറ്ററിങ് കമ്മിറ്റി പരിശോധിച്ച് നടപടി സ്വീകരിക്കുമെന്ന് ജനറൽ സെക്രട്ടറി സജി നന്ത്യാട്ട് പറഞ്ഞു.

ക്ഷേത്രോത്സവത്തിലെ ഗസൽ പരിപാടിക്കിടെ വീണ്ടും വിപ്ലവ ഗാനം പാടി അലോഷി; പരാതി നൽകി കോൺഗ്രസ് പ്രവർത്തകർ

തിരുവനന്തപുരം: ആറ്റിങ്ങൽ അവനവഞ്ചേരി ഇണ്ടിളയപ്പൻ ക്ഷേത്രത്തിലെ ഉത്സവത്തോട് അനുബന്ധിച്ച് നടത്തിയ ഗസൽ പരിപാടിയിൽ വിപ്ലവഗാനം ആലപിച്ചത് വിവാദമായി. ഗസൽ ഗായകനായ അലോഷിയുടെ പരിപാടിയിലാണ് അദ്ദേഹം വിപ്ലവഗാനം ആലപിച്ചത്. സംഭവത്തിൽ നടപടി സ്വീകരിക്കണമെന്ന് ആവശ്യപ്പെട്ട് ബ്ലോക്ക് കോൺഗ്രസ് കമ്മിറ്റി ആറ്റിങ്ങൽ പോലീസിലും റൂറൽ എസ്പിക്കും പരാതി നൽകി.

കൊല്ലം കടയ്ക്കൽ ക്ഷേത്രത്തിൽ കഴിഞ്ഞ മാസം വിപ്ലവഗാനം ആലപിച്ചതിനെ തുടർന്ന് ഹൈക്കോടതിയുടെ നിർദ്ദേശാനുസരണം കടക്കൽ പോലീസ് അലോഷിക്കെതിരെ കേസെടുത്തിരുന്നു. ആ കേസ് നിലനിൽക്കവെയാണ് അലോഷി വീണ്ടും വിപ്ലവഗാനം ആലപിച്ചത്. വിപ്ലവഗാനം പാടുമ്പോൾ അലോഷിയെ പ്രോത്സാഹിപ്പിക്കാൻ പാർട്ടി പ്രവർത്തകരും ഉണ്ടായിരുന്നതായി പരാതിയിൽ ആരോപിക്കുന്നു

കഴിഞ്ഞ ഏഴാം തീയതി ക്ഷേത്രത്തിൽ ഒരു ഗസൽ പ്രോഗ്രാം നടക്കാൻ പോകുന്നുവെന്നും അതിൽ വിപ്ലവഗാനം ആലപിക്കാൻ സാധ്യത ഉണ്ടെന്നും കാണിച്ച് കോൺഗ്രസ് പോലീസിൽ പരാതി നൽകിയിരുന്നു. എന്നാൽ അങ്ങനെയൊന്നും സംഭവിക്കില്ലെന്ന് എസ്പി ഉറപ്പുനൽകിയിരുന്നതായും പ്രവർത്തകർ ആരോപിക്കുന്നു.

ദിവ്യക്കെതിരെയുള്ളത് പുരുഷമേധാവിത്വ സമൂഹത്തിന്റെ ഭാഗമായി ഉയർന്നുവരുന്നവ: എം.വി. ഗോവിന്ദൻ

കോഴിക്കോട് : ദിവ്യ എസ്. അയ്യർക്ക് പിന്തുണയുമായി സിപിഎം സംസ്ഥാന സെക്രട്ടറി എം.വി. ഗോവിന്ദൻ. ദിവ്യ എസ്. അയ്യർക്കെതിരെ നടക്കുന്നത് വലിയ സൈബർ ആക്രമണമാണെന്നും പുരുഷമേധാവിത്വ സമൂഹത്തിന്റെ ഭാഗമായി ഉയർന്നു വരുന്നതാണ് അവർക്കെതിരായ നേതാക്കളുടെ പരാമർശം എന്നും എം വി ഗോവിന്ദൻ പറഞ്ഞു.

ആക്രമണം നടത്തുന്നതിൽ കോൺഗ്രസ് നേതാക്കളും ഉൾപ്പെട്ടിട്ടുണ്ട്. സ്ത്രീകൾ എത്ര ഉന്നത പദവിയിൽ ഇരുന്നാലും പൊതുവേ തികട്ടി വരുന്നത് പുരുഷ മേധാവിത്വമാണ്. പറഞ്ഞ കാര്യത്തിൽ നിന്ന് പിന്നോട്ടില്ല എന്ന് അവർ തന്നെ പറഞ്ഞിട്ടുണ്ടെന്നും എം.വി. ഗോവിന്ദൻ പറഞ്ഞു.

മുനമ്പം വിഷയത്തിൽ ഒരു വിഭാഗത്ത് ക്രിസ്തീയ വിഭാഗം ഒരു ഭാഗത്ത് മുസ്ലീം വിഭാഗം എന്ന് തരത്തിൽ രണ്ടായി തിരിക്കാനാണ് ശ്രമം. സമാധാന പരമായി പ്രശ്നം പരിഹരിക്കാനുള്ള ശ്രമത്തെ തടസ്സപ്പെടുത്താനുള്ള ഇടപെടൽ ആണ് ചിലർ നടത്തുന്നത്. രണ്ട് വിഭാഗത്തെയും ഒന്നിച്ച് കൊണ്ടുപോവുകയാണ് ചെയ്യേണ്ടത്. രണ്ട് വിഭാഗത്തെയും ഒഴിപ്പിക്കാതെ പരിഹാരം കാണുകയാണ് വേണ്ടതെന്നും അദ്ദേഹം അഭിപ്രായപ്പെട്ടു. ലീഗും ക്രിസ്തീയ ജനവിഭാഗത്തിന്റെ പേരും പറഞ്ഞ് വർഗീയ നിലപാട് സ്വീകരിക്കുന്ന ചിലരും മറുഭാഗത്ത് ഉണ്ടെന്നും പരസ്പര വൈരുദ്ധ്യമെന്ന് തോന്നിപ്പിക്കുമെങ്കിലും അവർക്കെല്ലാം നല്ല യോജിപ്പാണെന്നും അദ്ദേഹം കോഴിക്കോട് പറഞ്ഞു

22 ദിവസം പോലീസ് നിരീക്ഷണം, നായകനായി ഹിറ്റടിച്ച് നിൽക്കേ ആദ്യ അറസ്റ്റ്; വീണ്ടും ലഹരിക്കേസിൽ ഷൈൻ

കൊച്ചി: ഇതാദ്യമായല്ല ഷൈൻ ടോം ചാക്കോ ലഹരിക്കേസുകളുമായി ബന്ധപ്പെട്ട് വാർത്തകളിൽ നിറയുന്നത്. 2015 ജനുവരി 31-ാം തീയതിയാണ് ലഹരിയുമായി ബന്ധപ്പെട്ട കേസിൽ ഷൈൻ ടോം ചാക്കോ ആദ്യം അറസ്റ്റിലായത്. അന്ന് ഇതിഹാസ എന്ന ചിത്രത്തിൽ നായകനാവുകയും സിനിമ സൂപ്പർ ഹിറ്റായി നിൽക്കുകയും ചെയ്യുന്ന സമയവുമായിരുന്നു. ചലച്ചിത്ര മേഖലയെ ഒന്നാകെ ഞെട്ടിച്ചുകൊണ്ടാണ് അന്ന് ഷൈൻ ടോം ചാക്കോയും സുഹൃത്തുക്കളും പിടിയിലായ വാർത്ത പുറംലോകമറിഞ്ഞത്.

സുഹൃത്തും സഹസംവിധായികയുമായ ബാംഗ്ലൂർ വളയം സ്വദേശിനി ബ്ലെസി സിൽവസ്റ്റർ(22), കോഴിക്കോട് സ്വദേശിനിയും ഡിസൈനറുമായ രേഷ്മ രംഗസ്വാമി (26), ബെംഗളൂരുവിൽ മോഡലായ കരുനാഗപ്പള്ളി സ്വദേശി ടിൻസി ബാബു (25), ദുബായ് ട്രാവൽ മാർട്ട് ഉടമയും കാഞ്ഞിരപ്പള്ളി സ്വദേശിയുമായ സ്നേഹ ബാബു (25) എന്നിവരെയാണ് ഷൈനിനൊപ്പം പിടികൂടിയത്. കൊച്ചി കലൂർ- കടവന്ത്ര റോഡിലെ ഫ്ളാറ്റിൽ പുലർച്ചെ ഒരു മണിക്ക് നടന്ന റെയ്ഡിലാണ് സംഘം പിടിയിലായത്. ഫ്രിഡ്ജിനുള്ളിൽ സൂക്ഷിച്ച നിലയിൽ 10 പായ്ക്കറ്റുകളിലായിരുന്നു കൊക്കെയ്ൻ.

തൃശ്ശൂരിൽ സെക്യൂരിറ്റി ജീവനക്കാരനെ വാഹനമിടിപ്പിച്ച് കൊലപ്പെടുത്താൻ ശ്രമിച്ചതിന് അറസ്റ്റിലായ കിങ്സ് ഗ്രൂപ്പ് ഉടമ മുഹമ്മദ് നിസാമിന്റെ ഉടമസ്ഥതയിലുള്ളതായിരുന്നു ഈ ഫ്ളാറ്റ്. നിസാമിൽ നിന്ന് താനാണ് ഫ്ളാറ്റ് വാടകയ്ക്ക് എടുത്തതെന്ന് അറസ്റ്റിലായ രേഷ്മ പോലീസിനോട് പറഞ്ഞിരുന്നു. ഗോവയിൽ നിന്നാണ് മയക്കുമരുന്ന് എത്തിയതെന്നും പ്രതികൾ പോലീസിനോട് പറഞ്ഞിരുന്നു. പിടിയിലായവർ ഉപയോഗിച്ചതിന്റെ ബാക്കി ലഹരിമരുന്നായിരുന്നു അന്ന് പിടികൂടിയത്. പോലീസ് എത്തുമ്പോൾ സംഘത്തിലെ രണ്ടു പേർ കൊക്കെയ്ൻ ലഹരിയിലായിരുന്നു. തുടർന്ന് ഇവരെ കടവന്ത്ര സ്റ്റേഷനിലെത്തിച്ച് അറസ്റ്റ് രേഖപ്പെടുത്തി. സ്ത്രീകളെ എറണാകുളം സെൻട്രൽ പോലീസ് സ്റ്റേഷനിലേക്കും മാറ്റി.

കൊച്ചിയിൽ നടക്കുന്ന നിശാ പാർട്ടികളിൽ മയക്കുമരുന്നുകൾ ഉപയോഗിക്കുന്നുണ്ടെന്ന് പോലീസിന് നേരത്തെ വിവരം ലഭിച്ചിരുന്നു. സ്മോക്ക് പാർട്ടി എന്ന പേരിലാണ് ഇത്തരം സംഘംചേരലുകൾ അറിയപ്പെടുന്നത്. ഇതിന്റെ അടിസ്ഥാനത്തിൽ നടത്തിയ ശക്തമായ പരിശോധനയ്ക്കിടെയാണ് ഷൈൻ ഉൾപ്പെടെയുള്ളവർ പിടിയിലായത്. എന്നാൽ ഫ്ളാറ്റിൽ നിന്ന് പിടിച്ചെടുത്തത് കൊക്കെയ്ൻ അല്ലെന്നാണ് ഷൈൻ മാധ്യമങ്ങളോട് പറഞ്ഞത്.

പാർട്ടിക്ക് ശേഷം ഷൈനും കൂട്ടരും ലഹരിയിലായിരുന്ന സമയത്തായിരുന്നു റെയ്ഡ് എന്നാണ് പോലീസ് അന്ന് പറഞ്ഞത്. 22 ദിവസത്തെ നിരീക്ഷണത്തിനൊടുവിലാണ് ഷൈൻ

ടോം ചാക്കോ ഉൾപ്പെടുന്ന സംഘത്തെ പോലീസ് വലയിലാക്കിയത്. പിടിയിലാവുന്ന അവസരത്തിൽ ഷൈനും സംഘവും കൊക്കെയ്ൻ ഉപയോഗിച്ചിരുന്നതായി പോലീസ് കണ്ടെത്തിയിരുന്നു. പത്ത് ഗ്രാം ലഹരിയാണ് ഇവരുടെ പക്കൽ നിന്ന് കണ്ടെടുത്തത്. ഇതിന് ഗ്രാമിന് 20,000 രൂപ വില വരുമെന്നാണ് കണക്കാക്കിയത്. പ്രതികൾ താമസിച്ചു വന്ന ഫ്ളാറ്റിൽ സംശയകരമായ സാഹചര്യത്തിൽ യുവതീ യുവാക്കൾ വന്നുപോകുന്നത് ശ്രദ്ധയിൽപ്പെട്ടതിനെത്തുടർന്നാണ് അധികൃതർ റെയ്ഡിന് തീരുമാനിച്ചത്.

എന്നാൽ വേണ്ടത്ര തെളിവില്ലെന്നുപറഞ്ഞ് വർഷങ്ങൾക്കു ശേഷം കേസ് തള്ളിപ്പോവുകയായിരുന്നു. ഈ കേസിൽ പോലീസിന് വീഴ്ചയുണ്ടായെന്ന് രണ്ടുദിവസങ്ങൾക്കുമുൻപാണ് കോടതി പറഞ്ഞത്. ലഹരിമരുന്ന് കണ്ടെടുത്തിട്ടും പ്രതികളിൽ നിന്ന് പിടിച്ചെടുത്തു എന്ന് തെളിയിക്കാനായില്ലെന്നും വനിതാ പോലീസിന്റേത് ഉൾപ്പെടെയുള്ള മൊഴികളിൽ വൈരുദ്ധ്യമുണ്ടെന്ന് കോടതി വിമർശിച്ചു. രക്തപരിശോധനാഫലം ഉൾപ്പെടെ പ്രതികൾക്ക് അനുകൂലമായിരുന്നുവെന്നും കോടതി പറഞ്ഞു. എൻഡിപിഎസ് ആക്ട് പ്രകാരം കുറ്റം തെളിയിക്കപ്പെട്ടാൽ പ്രതികൾക്ക് വലിയ ശിക്ഷയാണ് ലഭിക്കുക. അതുകൊണ്ടുതന്നെ, പിടിക്കപ്പെടുന്നയാൾക്ക് നിയമപരമായ പരിരക്ഷ ഉറപ്പാക്കുന്നതുപോലെ പ്രധാനപ്പെട്ടതാണ

RNI No. 7675/1964, Edited, Printed & Published by A. Mohammed at Kairaly Printers for Chethana Printers, Thrissur-4

യു.എ.ഇ യുടെ രാഷ്ട്ര ശില്പി ഷെയ്ക്ക് സായിദ് ബിൻ സുൽത്താൻ അൽ നഹ്യാന്റെ ഓർമ്മക്കായി ഏർപ്പെടുത്തിയ ബാബ സായിദ് കൾച്ചർ ഫൗണ്ടേഷൻ ഗുരുവായൂരിലെ പൊതു പ്രവർത്തകൻ പി.ഐ. സൈമൺ മാസ്റ്ററെ അബുദാബി മലയാളി സമാജം പ്രസിഡണ്ട് സലിം ചിറക്കൽ സ്നേഹോപഹാരം നൽകി ആദരിക്കുന്നു

കേരളത്തിലെ പ്രാദേശിക മാധ്യമ പ്രവർത്തകർക്ക് സർക്കാർ ആനുകൂല്യങ്ങൾ നൽകണം :

കേരള പത്ര പ്രവർത്തക അസോസിയേഷൻ

തിരു: കേരളത്തിലെ പ്രാദേശിക മാധ്യമ പ്രവർത്തകർക്ക് സർക്കാർ ആനുകൂല്യങ്ങൾ നൽകണം എന്നാവശ്യപ്പെട്ട് കേരള പത്ര പ്രവർത്തക അസോസിയേഷൻ മുഖ്യമന്ത്രി പിണറായി വിജയനും പ്രതിപക്ഷ നേതാവ് വി ഡി സതീശനും നിവേദനം നൽകി.

ഈ മേഖലയിൽ പ്രവർത്തിക്കുന്നവരുടെ കണക്കുകൾ ശേഖരിച്ച് അവർക്ക് ക്ഷേമനിധി, ആരോഗ്യ ഇൻഷുറൻസ്, തൊഴിൽ സുരക്ഷ, ജില്ലാ തല തിരിച്ചറിയൽ കാർഡ് എന്നിവ ഏർപ്പെടുത്തുന്നതിന് സത്വര നടപടികൾ സ്വീകരിക്കണം എന്നാണ് നിവേദനത്തിൽ ആവശ്യപ്പെട്ടിരിക്കുന്നത്.

പരിമിതമായ സൗകര്യത്തോടെ നിരവധി പ്രതിസന്ധികൾ അതിജീവിച്ച് വാർത്തകൾ ശേഖരിക്കുന്ന പ്രാദേശിക മാധ്യമ പ്രവർത്തകർക്ക് തൊഴിൽ സുരക്ഷ ഇല്ലാത്തതും, മാധ്യമങ്ങളുടെ മാനേജ്മെന്റുകളിൽ നിന്ന് തുച്ഛമായ വേതനം കൈപ്പറ്റി ജോലിയെടുക്കുന്ന പ്രാദേശിക മാധ്യമ പ്രവർത്തകരുടെ ദുരിത ജീവിതവും നേതാക്കൾ മുഖ്യമന്ത്രിക്ക് മുന്നിൽ അവതരിപ്പിച്ചു.

കാര്യങ്ങൾ പരിശോധിച്ച് നടപടി എടുക്കാമെന്ന് മുഖ്യമന്ത്രിയും പ്രതിപക്ഷ നേതാവും അസോസിയേഷൻ നേതാക്കൾക്ക് ഉറപ്പ് നൽകി.

സംസ്ഥാന പ്രസിഡന്റ് മധു കടുത്തുരുത്തി, ജനറൽ സെക്രട്ടറി സലിം മൂഴിക്കൽ, ട്രഷറർ ബൈജു പെരുവ, വൈസ് പ്രസിഡണ്ടുമാരായ കണ്ണൻ പന്താവൂർ, എൻ ധനഞ്ജയൻ കൂത്തുപറമ്പ്, ബൈജു മേനാച്ചേരി, സെക്രട്ടറി വി എസ് ഉണ്ണികൃഷ്ണൻ ചടയമംഗലം എന്നിവരാണ് നിവേദക സംഘത്തിലുണ്ടായിരുന്നത്.

മഹാത്മാഗാന്ധി റീഡിങ്ങ് റൂം ആന്റ് ലൈബ്രറി പ്രസിഡണ്ട് **പി.സി. ആശ**, സെക്രട്ടറി **അഡ്വ: കെ.ജി. അജയകുമാർ**

ആകാശവാണി തൃശൂർ നിലയം ത്രിദിന സ്വാതി സംഗീതോത്സവം സംഘടിപ്പിക്കുന്നു

തൃശൂർ, പാലക്കാട്, ഇരിഞ്ഞാലക്കുട എന്നീ സ്ഥലങ്ങളിൽ സംഗീത സഭകളുടെ സഹായത്തോടെ മൂന്ന് സംഗീത കച്ചേരികൾ ആണ് സംഘടിപ്പിക്കുന്നത്. തൃശ്ശൂരിൽ ശ്രീ ത്യാഗബ്രഹ്മ സംഗീത സഭയും, പാലക്കാട് ഫൈൻ ആർട്സ് സൊസൈറ്റിയും, ഇരിഞ്ഞാലക്കുട നാദോപാസനയും ഈ സംരംഭവുമായി ആകാശവാണിയോട് സഹകരിക്കും തൃശൂർ നീരാഞ്ജലി ഹാളിൽ ഏപ്രിൽ 19ന് ചേപ്പാട് വാമനൻ നമ്പൂതിരിയുടെ സംഗീത കച്ചേരി അരങ്ങേറും. ശ്രീ രാജേന്ദ്രൻ വയലിനിലും, ഡോക്ടർ പാലക്കാട് ജയകൃഷ്ണൻ മൃദംഗത്തിലും പയ്യന്നൂർ ഗോവിന്ദ പ്രസാദ് മുഖർശംഖിലും പക്കമേളം ഒരുക്കും .

ഏപ്രിൽ 26ന് പാലക്കാട് ഫൈൻ ആർട്സ് സൊസൈറ്റി ഹാളിൽ ശ്രീ സി എസ് സജീവിന്റെ സംഗീത കച്ചേരി അരങ്ങേറും സി എസ് അനുരൂപ് വയലിനിലും ചേർത്തല ദിനേശ് മൃദംഗത്തിലും ഗോപിനാദലയ മുഖർശംഖിലും പക്കമേളം വായിക്കും

മെയ് 3 ന് ഇരിഞ്ഞാലക്കുട മാധവനാട്യഭൂമിയിൽ നടക്കുന്ന കച്ചേരിയിൽ ഹരിപ്രസാദ് സുബ്രഹ്മണ്യം പുല്ലാംകുഴൽ വായിക്കും ഇടപ്പള്ളി അജിത്കുമാർ വയലിനിലും പാലക്കാട് അനിരുദ്ധ് രാജ് മൃദംഗത്തിലും നീതുൾ അരവിന്ദ് ഗഞ്ചിറയിലും പക്കമേളം ഒരുക്കും.

തിരുവനന്തപുരം,തൃശൂർ ,കോഴിക്കോട് നിലയങ്ങൾ സംഘടിപ്പിക്കുന്നത് ഉൾപ്പെടെയുള്ള കച്ചേരികൾ മെയ് 2 മുതൽ മെയ് 10 വരെയുള്ള ദിവസങ്ങളിൽ രാത്രി 9 30ന് എല്ലാ കേരള നിലയങ്ങളും പ്രക്ഷേപണം ചെയ്യും കൂടാതെ സ്വാതി ജയന്തി ദിവസമായ മെയ് 11ന് രാവിലെ 8 .30 മുതൽ 12 വരെ തിരുവനന്തപുരം ആകാശവാണി സംഘടിപ്പിക്കുന്ന സംഗീത കച്ചേരികളുടെ തത്സമയ പ്രക്ഷേപണവും ഉണ്ടായിരിക്കും.

സ്നേഹോപകാരം നൽകി ആദരിച്ചു

ഗുരുവായൂർ: യു. എ. ഇ. യുടെ രാഷ്ട്രശിൽപ്പിയും സാംസ്ക്കാരിക നായകനുമായിരുന്ന ഷെയ്ക്ക് സായിദ് ബിൻ സുൽത്താൻ അൽ നഹ്യാന്റെ ഓർമ്മക്കായി ഏർപ്പെടുത്തിയ ബാബ സായിദ് കൾച്ചർ ഫൗണ്ടേഷന്റെ സ്നേഹോപകാരം ഗുരുവായൂരിലെ പൊതു പ്രവർത്തകൻ പി. ഐ. സൈമണിനെ അബുദാബി മലയാളി സമാജം പ്രസിഡണ്ട് സലിം ചിറക്കൽ നൽകി ആദരിച്ചു.

ചടങ്ങിൽ നഗരസഭ കൗൺസിലർ കെ.പി.എ റഷീദ് അദ്ധ്യക്ഷത വഹിച്ചു. സാംസ്ക്കാരിക പ്രവർത്തകൻ അബ്ദുട്ടി കൈതമുക്ക് ആമുഖ പ്രഭാഷണം നടത്തി. ഷാജു പുതൂർ, അഡ്വ. രവി ചങ്കത്ത്, സുലോചന ടീച്ചർ,ബാലൻ വാറണാട്ട് പി. ഐ. ലാസർ, ശശി വാറണാട്ട് മേഴ്സി ജോയ്, ബാബു ആന്റണി, പി. ഐ. ആന്റോ സ്റ്റീഫൻ ജോസ്, വി.വി ജോസ് പി.ശിവദാസൻ, ജോർജ് പോൾ, ഹുസൈൻ ഗുരുവായൂർആശംസ നേർന്ന് പ്രസംഗിച്ചു. പി.ഐ. സൈമൺ മറുപടി പ്രസംഗം നടത്തി.

പടിയൂർ തെക്കേ പുഞ്ചപ്പാടം റോഡിന്റെ നിർമ്മാണോദ്ഘാടനം മന്ത്രി ബിന്ദു നിർവ്വഹിച്ചു

ഇരിങ്ങാലക്കുട: ഉന്നത വിദ്യാഭ്യാസ സാമൂഹ്യനീതി വകുപ്പ് മന്ത്രിയും ഇരിങ്ങാലക്കുട എം.എൽ.എ യുമായ ഡോ ആർ ബിന്ദുവിന്റെ പ്രത്യേക വികസന നിധിയിൽ നിന്നും അനുവദിച്ച 23 ലക്ഷം രൂപ വിനിയോഗിച്ച് നിർമ്മിക്കുന്ന പടിയൂർ തെക്കേ പുഞ്ചപ്പാടം റോഡിന്റെ നിർമ്മാണോദ്ഘാടനം മന്ത്രി ഡോ ആർ ബിന്ദു നിർവ്വഹിച്ചു.

പടിയൂർ പഞ്ചായത്തിൽ ആറാം വാർഡിൽ പെട്ട 300 മീറ്റർ നീളമുള്ള തെക്കേ പുഞ്ചപ്പാടം റോഡിൽ ക്വാറി മണ്ണും അതിനു മുകളിൽ ജി.എസ്.ബിയും വിരിച്ച് ബലപ്പെടുത്തി കോൺക്രീറ്റ് ചെയ്താണ് റോഡ് നിർമ്മാണം പൂർത്തീകരിക്കുക. 155 മീറ്റർ മുതൽ 300 മീറ്റർ വരെയുള്ള ഭാഗത്ത് കരിങ്കല്ല് കൊണ്ടുള്ള പാർശ്വഭിത്തി സംരക്ഷണവും ഉൾപ്പെടുത്തിയിട്ടുണ്ട്.

ചടങ്ങിൽ പടിയൂർ ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ലിജി രതീഷ് അധ്യക്ഷത വഹിച്ചു. 14-ാം വാർഡ് മെമ്പർ കെ.വി. സുകുമാരൻ, ഓവർസിയർ ക്ലിന്റൺ എന്നിവർ സംസാരിച്ചു. വാർഡ് മെമ്പർ ടി വി വിബിൻ സ്വാഗതവും സി ഡി എസ് മെമ്പർ ശോഭന കുട്ടൻ നന്ദിയും പറഞ്ഞു.

ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ

തൃശൂർ: ബിസിൽ ട്രെയിനിംഗ് ഡിവിഷൻ നടത്തുന്ന ഒരു വർഷത്തെ പി.ജി ഡിപ്ലോമ ഇൻ ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ (യോഗ്യത- ഡിഗ്രി), പ്രൊഫഷണൽ ഡിപ്ലോമ ഇൻ ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ (യോഗ്യത- പ്ലസ് ടു), ആറ് മാസത്തെ ഡിപ്ലോമ ഇൻ ഹോസ്പിറ്റൽ അഡ്മിനിസ്ട്രേഷൻ (യോഗ്യത- എസ്.എസ്.എൽ.സി) തുടങ്ങിയ കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു. ഓൺലൈൻ/ പാർട്ട് ടൈം/ റെഗുലർ ബാച്ചുകളിലായിരിക്കും ക്ലാസുകൾ. മികച്ച ഹോസ്പിറ്റലുകളിൽ ഇന്റേൺഷിപ്പ് ചെയ്യാൻ അവസരം ഉണ്ടാകും. കോഴ്സുകൾ വിജയകരമായി പൂർത്തിയാക്കുന്നവർക്ക് പ്ലേസ്മെന്റ് അസിസ്റ്റൻസ് ലഭിക്കുന്നതാണ്. ഫോൺ- 7994449314

അപേക്ഷ ക്ഷണിച്ചു

തൃശൂർ:പുഴയ്ക്കൽ ബ്ലോക്ക് പഞ്ചായത്തിന് കീഴിൽ സാംസ്കാരിക വകുപ്പിന്റെ സഹകരണത്തോടെ വജ്ര ജൂബിലി ഫെല്ലോഷിപ്പ് കലാകാരന്മാരുടെ നേതൃത്വത്തിൽ മോഹിനിയാട്ടം, ചെണ്ട (മേളം), കർണ്ണാടക സംഗീതം, നാടകം എന്നിവയിൽ സൗജന്യ പരിശീലനം നൽകുന്നു. പുഴക്കൽ ബ്ലോക്ക് പരിധിയിലെ ആറ് ഗ്രാമ പഞ്ചായത്തുകളിൽ ഉള്ളവർക്ക് അപേക്ഷിക്കാം. ഫോൺ- 7356025978, 6238602987

തിരുവമ്പാടി ക്ഷേത്രത്തിൽ ഏപ്രിൽ 17 മുതൽ 27 വരെ തുടങ്ങുന്ന ശ്രീമദ് ഭാഗവത സത്രത്തിനോട് അനുബന്ധിച്ച് നാരായണീയ പാരായണം അർച്ചനയോടുകൂടി ബ്രഹ്മശ്രീ തോട്ടം ശ്യാം നമ്പൂതിരി യുടെ നേതൃത്വത്തിൽ നടന്നു നൂറിൽപരം അമ്മമാർ പങ്കെടുത്തു . തിരുവമ്പാടി ദേവസ്വം പ്രസിഡണ്ട് ഡോക്ടർ സുന്ദർ മേനോൻ ദേവസ്വം സെക്രട്ടറി കെ ഗിരീഷ് കുമാർ ജോയിൻ സെക്രട്ടറി പി ശശിധരൻ ലക്ഷ്മണ സ്വാമി മറ്റു കമ്മറ്റി മെമ്പർമാർ ഭക്തജനങ്ങൾ എന്നിവർ പങ്കെടുത്തു

ഡി.സി.സി.യുടെ നേതൃത്വത്തിൽ നടന്ന പ്രതിഷേധ യോഗം

തൃശൂർ: ഇ.ഡിയെ ഉപയോഗിച്ച് നാഷണൽ ഹെറാൾഡ് കേസിൽ സോണിയ ഗാന്ധിയെയും രാഹുൽ ഗാന്ധിയെയും പ്രതി ചേർക്കാൻ ശ്രമിക്കുന്നതിനെതിരെ ഡി.സി.സി.യുടെ നേതൃത്വത്തിൽ നടന്ന പ്രതിഷേധ യോഗം കെപിസിസി സെക്രട്ടറി ജോൺ ഡാനിയേൽ ഉദ്ഘാടനം ചെയ്യുന്നു

ഇ.ഡി യെ ഉപയോഗിച്ച് നാഷണൽ ഹെറാൾഡ് കേസിൽ സോണിയാ ഗാന്ധിയെയും രാഹുൽ ഗാന്ധിയെയും പ്രതി ചേർക്കാൻ ശ്രമിക്കുന്നതിനെതിരെ ജില്ലാ കോൺഗ്രസ് കമ്മിറ്റിയുടെ നേതൃത്വത്തിൽ നഗരത്തിൽ പ്രതിഷേധ പ്രകടനവും തെക്കേ ഗോപുര നടയിൽ പ്രതിഷേധ യോഗവും ചേർന്നു.

കെ.പി.സി.സി സെക്രട്ടറിയും ജോൺ ഡാനിയേൽ ഉദ്ഘാടനം ചെയ്തു. ഡി.സി.സി വൈസ് പ്രസിഡണ്ട് ഐ.പി പോൾ അധ്യക്ഷത വഹിച്ചു. കോൺഗ്രസ് നേതാക്കളായ സി.ഒ. ജേക്കബ്, ഡോ. നിജി ജസ്റ്റീൻ, , കെ. കെ. ബാബു, അഡ്വ. വി. സുരേഷ് കുമാർ, കെ.എച്ച്. ഉസ്മാൻ ഖാൻ, കെ.വി ദാസൻ, കെ.ബി.ജയറാം, അഡ്വ. സി ജോ കടവിൽ, പി.ശിവശങ്കരൻ,സജീവൻ കുരിയച്ചിറ, എം.എൽ. ബേബി,രവി ജോസ് താണിക്കൽ, ഫ്രാൻസിസ് ചാലിശ്ശേരി, കെ.പി. രാധാകൃഷ്ണൻ, കെ.എൻ. വിജയകുമാർ എന്നിവർ നേതൃത്വം നൽകി.

അഡ്വ.ഏ.ഡി.ബെന്നിയെ ആദരിച്ചു

മണലൂർ:ആയിരത്തിൽപ്പരം സ്പോർട്സ് ലേഖനങ്ങൾ എഴുതിയ അഡ്വ.ഏ.ഡി.ബെന്നിയെ ആദരിച്ചു. മാങ്ങാട്ടുകര വഴിയമ്പലം പരിസരത്ത് കളിയിടം ഒരുക്കിയതിനോടനുബന്ധിച്ച് നടന്ന ചടങ്ങിൽ വെച്ചായിരുന്നു മണലൂർ ഗ്രാമപഞ്ചായത്ത് പ്രസിഡണ്ട് സൈമൺ തെക്കത്ത് ബെന്നിവക്കീലിനെ ആദരിച്ചത്. എക്സ്പ്രസ്സ് ദിനപ്പത്രത്തിൽ ഗ്രാൻഡ് മാസ്റ്റർ പദം നേടുന്ന ആനന്ദ് എന്ന ശീർഷകത്തിലെഴുതിയ ലേഖനമായിരുന്നു ആദ്യത്തേത്. തുടർന്ന് വ്യത്യസ്ത മേഖലകളുമായി ബന്ധപ്പെട്ട് നിരവധി ലേഖനങ്ങൾ. മറ്റ് മാധ്യമങ്ങളിലും ബെന്നി വക്കീലിന്റെ ലേഖനങ്ങൾ പ്രസിദ്ധീകരിക്കപ്പെട്ടു.കൺസ്യൂമർ കേസുകൾ നടത്തിയതിൽ റെക്കോഡിട്ടുള്ള ബെന്നി വക്കീൽ കിഡ്നി ഫെഡറേഷൻ ഓഫ് ഇന്ത്യയുടെ സ്ഥാപക സെക്രട്ടറിയാണ്.തൃശൂർ സാംസ്ക്കാരിക അക്കാദമി പ്രസിഡണ്ട് കൂടിയാണ്. യു ട്യൂബർ കൂടിയായ ബെന്നിവക്കീൽ നിയമമടക്കം ആയിരത്തിലധികം വീഡിയോകൾ പ്രസിദ്ധീകരിച്ചു കഴിഞ്ഞിരിക്കുന്നു. വൃക്ക മാറ്റിവെച്ച് പതിനെട്ട് വർഷങ്ങൾ പൂർത്തിയാക്കിയ ബെന്നിവക്കിലിന്റെ ജീവചരിത്രം പത്മവ്യൂഹം ഭേദിച്ച് പ്രചോദനാത്മകമാണ്. മുൻ ഇന്ത്യൻ ഫുട്ബോൾ ടീം ക്യാപ്റ്റൻ സി.വി. പാപ്പച്ചൻ ഉദ്ഘാടനം നിർവ്വഹിച്ചു. കോർഡിനേറ്റർ നെൽസൺ വി .മാത്യു, വാർഡ് മെമ്പർ ജിൻസി തോമസ്, പി.ആർ.മുരളീധരൻ, ഷാജി നീലകണ്ഠൻ, എൻ. കെ. അശോകൻ,ടി.വി.ബാലകൃഷ്ണൻ എന്നിവർ പ്രസംഗിച്ചു.

തൃശ്ശൂർ ജില്ലാ നിയമ സേവന അതോറിറ്റിയുടെ പവലിയൻ പൂരം പ്രദർശന നഗരിയിൽ പ്രവർത്തനമാരംഭിച്ചു

ജില്ലാ നിയമ സേവന അതോറിറ്റിയുടെ പവലിയൻ പൂരം പ്രദർശന നഗരിയിൽ നിയമ സേവന അതോറിറ്റിയുടെ ചെയർമാനും ബഹുമാനപ്പെട്ട പ്രിൻസിപ്പൽ ഡിസ്ട്രിക്റ്റ് & സെഷൻസ് ജഡ്ജ് പി. പി. സൈദലവി അവർകൾ ഉദ്ഘാടനം നിർവഹിച്ചു.

നിയമ സേവന അതോറിറ്റിയുടെ സെക്രട്ടറിയും സിവിൽ ജഡ്ജുമായ സരിത രവീന്ദ്രൻ അധ്യക്ഷയായ ചടങ്ങിൽ SC ST കോടതി ഡിസ്ട്രിക്ട് ജഡ്ജ് കമനീസ് കെ ആശംസകൾ അർപ്പിച്ച് സംസാരിച്ചു. കേരള സ്റ്റേറ്റ് നിയമ സേവന അതോറിറ്റിയുടെ പുതിയ പദ്ധതികളായ സമയം, സമന്വയം, അതിജീവനം എന്നിവയുടെ ജില്ലാ തല ലോഞ്ചിങ്ങും ജില്ലാ ജഡ്ജ് സൈദലവി അവർകൾ നിർവഹിച്ചു. നിയമ സേവന അതോറിറ്റി ജനങ്ങളിൽ ഉണ്ടാക്കിയ വിശ്വാസതയെ കുറിച്ചും എല്ലാ വിഭാഗം ജനങ്ങളിലും സൗജന്യ നിയമസേവനം എത്തുന്നതിനെ കുറിച്ചും അദ്ദേഹം സംസാരിച്ചു.

കൂടാതെ പുതു തലമുറയിലെ ലഹരി ഉപയോഗത്തെ കുറിച്ചും അവയെ നേരിടേണ്ട രീതികളെ കുറിച്ചും രക്ഷാകർത്താക്കളുടെ ചുതലകളെ കുറിച്ചും വിശദീകരിച്ചു. സെക്രട്ടറി സരിത രവീന്ദ്രൻ കെൽസയുടെ മറ്റു പദ്ധതികളെ കുറിച്ചും നിയമ സേവന അതോറിറ്റിയുടെ വിവിധ പ്രവർത്തനങ്ങളെ കുറിച്ചും വിശദമായി സംസാരിച്ചു. അഡ്വക്കേറ്റ്സ് ബാർ അസോസിയേഷൻ പ്രസിഡന്റ് എം. വി. ഗോപാലകൃഷ്ണൻ, പൂരം കമ്മറ്റി പ്രസിഡന്റ് രവീന്ദ്രൻ, പൂരം കമ്മറ്റി സെക്രട്ടറി രവികുമാർ, കേരള അഡ്വക്കേറ്റ്സ് ക്ലർക്ക് സ് അസോസിയേഷൻ പ്രസിഡന്റ് പ്രദീപൻ എന്നിവരും ആശംസ അർപ്പിച്ച് സംസാരിച്ചു. രാവിലെ 9 മുതൽ വൈകീട്ട് 9 വരെ നിയമസേവന അതോറിറ്റിയുടെ പവലിയൻ പ്രവർത്തിക്കുമെന്നും എല്ലാ ദിവസവും അഡ്വക്കേറ്റിന്റെ സേവനം ലഭിക്കുമെന്നും അറിയിച്ചു.

നിയമ സേവന അതോറിറ്റിയുടെ ലീഗൽ അസിസ്റ്റന്റ് വിനീത തമ്പി ഉദ്ഘാടന ചടങ്ങിൽ എത്തിയ എല്ലാവർക്കും നന്ദി അറിയിച്ചു. ലീഗൽ എയ്ഡ് ഡിഫൻസ് കൗൺസിൽസ്, ഡി.എൽ.എസ്.എ. സ്റ്റാഫ്സ്, മീഡിയേറ്റേഴ്സ്, പാനൽ ലോയേഴ്സ്, താലൂക്ക് ലീഗൽ സർവീസസ് കമ്മിറ്റി സെക്രട്ടറിമാർ, ഇന്റേൺസ്, പാരാ ലീഗൽ വളന്റിയർമാർ എന്നിവരും ചടങ്ങിൽ സന്നിഹിതരായിരുന്നു.

പാവറട്ടി സെന്റ് ജോസഫ്സ് ദേവാലയത്തിലെ തിരുനാൾ-വെടിക്കെട്ട് പൊതുദർശനത്തിന് അനുമതി നിരസിച്ചു

പാവറട്ടി: സെന്റ് ജോസഫ്സ് പാരിഷ് ദേവാലയത്തിലെ തിരുനാളിനോടനുബന്ധിച്ച് വെടിക്കെട്ട് പൊതു പ്രദർശനത്തിന് അനുമതി നിരസിച്ചുകൊണ്ട് അഡീഷണൽ ജില്ലാ മജിസ്ട്രേറ്റ് ഉത്തരവിട്ടു. എക്സ്പ്ലോസീവ് ആക്ട് 1884 ലെ 6c (1)(c) ആക്ട് പ്രകാരമാണ് ഉത്തരവ്.

മെയ് ഒമ്പത്, 10, 11, 18 തിയതികളിൽ വെടിക്കെട്ട് പൊതുദർശനം നടത്താൻ അനുവദിക്കണമെന്നായിരുന്നു അപേക്ഷ. പോലീസ്, ഫയർ, റവന്യൂ വകുപ്പുകളുടെ അന്വേഷണ റിപ്പോർട്ടുകളുടെയും സ്ഫോടകവസ്തു ചട്ടഭേദഗതിയിലെ നിർദ്ദേശങ്ങളുടെയും അടിസ്ഥാനത്തിൽ സ്ഥലത്ത് ജനങ്ങളുടെ ജീവനും സ്വത്തിനും അപകടമില്ലാത്തവിധം വെടിക്കെട്ട് പ്രദർശനം നടത്തുന്നതിനുള്ള ഭൗതികസാഹചര്യങ്ങളില്ലായെന്ന് കാണുന്നതായി ഉത്തരവിലുണ്ട്. പൊതുജന സുരക്ഷ മുൻനിർത്തി വെടിക്കെട്ട് അനുവദിക്കേണ്ടതില്ലെന്ന് ബന്ധപ്പെട്ട അന്വേഷണ ഉദ്യോഗസ്ഥർ അഭിപ്രായപ്പെട്ടിട്ടുണ്ട്.

തൃശ്ശൂർ, എറണാകുളം, കാസർകോഡ് ജില്ലകളിലുണ്ടായ വെടിക്കെട്ടപകടങ്ങളുടെ പശ്ചാത്തലത്തിൽ നടത്തിയ വിശകലനത്തിൽ വെടിക്കെട്ട് പ്രദർശനത്തിന് ലൈസൻസ് അനുവദിക്കുന്നത് പൊതുജനങ്ങളുടെ ജീവനും സ്വത്തിനും വൻഭീഷണിയാണെന്ന് ബോധ്യമായെന്നും ഉത്തരവിൽ ചൂണ്ടിക്കാട്ടുന്നു.

ജില്ലാ പോലീസ് മേധാവി (സിറ്റി), ജില്ലാ ഫയർ ഓഫീസർ എന്നിവർ വെടിക്കെട്ടിന് അനുമതി നൽകരുതെന്ന് റിപ്പോർട്ടും നൽകിയിരുന്നു.

ലേലം

വടക്കാഞ്ചേരി: പുഴയിലെ കുമ്മായ ചിറയിൽ നിന്ന് നീക്കം ചെയ്യുന്ന മണ്ണ് ഉടനടി നേരിട്ട് വാഹനത്തിൽ കയറ്റുന്ന വിധത്തിൽ ഏപ്രിൽ മാസം 28ന് രാവിലെ 11 ന് പരസ്യമായി ലേലം ചെയ്യും. കുമ്മായ ചിറയുടെ പരിസരത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറോ, അദ്ദേഹം ചുമതലപ്പെടുത്തുന്ന ഉദ്യോഗസ്ഥനോ ആയിരിക്കും നടപടികൾക്ക് നേതൃത്വം നൽകുക. ലേലം സംബന്ധിച്ച വിശദാംശങ്ങൾ എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ കാര്യാലയത്തിൽ നിന്ന് ലഭിക്കും.

ദേശീയ സമ്പാദ്യ പദ്ധതി ഏജൻസി റദ്ദ് ചെയ്തു

ഇരിങ്ങാലക്കുട: ബ്ലോക്ക് പഞ്ചായത്ത് ഓഫീസിൽ ദേശീയ സമ്പാദ്യ പദ്ധതി എം പി കെ ബി വൈ ഏജന്റ് ആയി പ്രവർത്തിച്ചിരുന്ന ശാന്ത ജി. ബി യുടെ ഏജൻസി റദ്ദ് ചെയ്തുവെന്ന് ഇരിങ്ങാലക്കുട ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി അറിയിച്ചു.

മുത്തുമല- മുപ്ലിയം റോഡിന്റെ നിർമ്മാണോദ്ഘാടനം നടത്തി

വരന്തരപ്പിള്ളി: ഗ്രാമപഞ്ചായത്തിലെ മുത്തുമല- മുപ്ലിയം റോഡിന്റെ നവീകരണ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം കെ.കെ. രാമചന്ദ്രൻ എം.എൽ.എ നിർവഹിച്ചു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് കലാപ്രിയ സുരേഷ് അധ്യക്ഷത വഹിച്ചു.

മുഖ്യമന്ത്രിയുടെ തദ്ദേശ റോഡ് പുനരുദ്ധാരണ പദ്ധതിയിൽ ഉൾപ്പെടുത്തി 25 ലക്ഷം രൂപ ചെലവിൽ വരന്തരപ്പിള്ളി ഗ്രാമപഞ്ചായത്തിലെ പതിനാലാം വാർഡിലാണ് റോഡിന്റെ നവീകരണം നടക്കുന്നത്.

ഗ്രാമപഞ്ചായത്ത് അംഗം അജിതാ സുധാകരൻ, ബ്ലോക്ക് പഞ്ചായത്ത് അംഗം ഹെമലതാ നന്ദകുമാർ, ഇഞ്ചക്കുണ്ട് സർവീസ് സഹകരണ ബാങ്ക് പ്രസിഡന്റ് ബൈജു വൈപ്പിനാടൻ തുടങ്ങിയവർ സംസാരിച്ചു.

അമല കാർഡിയാക് സെന്ററിൽ ഹൃദയ വാൽവ് ചികിത്സ (ടാവി) വിജയകരം

അമലനഗർ: ശസ്ത്രക്രിയ കൂടാതെ ഹൃദയത്തിന്റെ വാൽവ് മാറ്റിവയ്ക്കുന്ന അതിനൂതനമായ ചികിത്സ (ടാവി) അഥവാ ട്രാൻസ് കത്തീറ്റർ അയോർട്ടിക് വാൽവ് ഇമ്പ്ലാന്റ് റെഷൻ അമല കാർഡിയാക് സെന്ററിൽ 3 രോഗികൾക്ക് വിജയകരമായി പൂർത്തിയാക്കി. പ്രായമായവരിൽ പ്രധാന രക്തധമനിയായ അയോർട്ടയിലേക്ക് രക്തം കടത്തിവിടുന്ന വാൽവിന് ചുരുക്കം സംഭവിക്കുന്ന രോഗമാണ് അയോർട്ടിക് സ്റ്റിനോസിസ്. തകരാറിലായ അയോർട്ടിക് വാൽവ് മാറ്റിവയ്ക്കേണ്ടതും എന്നാൽ പ്രായാധിക്യമോ മാറ്റ് അവശതകളോ കാരണം ഹൃദയം തുറന്നുള്ള ശസ്ത്രക്രിയക്ക് വിധേയരാകാൻ സാധിക്കാത്തവരിലുമാണ് പൊതുവെ ടാവി ചെയ്യുന്നത്.

പ്രായം കൂടിയവർ, ശ്വാസസംബന്ധമായ അസുഖങ്ങൾ ഉള്ളവർ, ഹൃദയത്തിന്റെ പമ്പിങ് കുറഞ്ഞവർ തുടങ്ങി ഓപ്പൺ ഹാർട്ട് സർജറിക്ക് റിസ്ക് കൂടുതൽ ഉള്ള രോഗികൾക്ക് ഉത്തമമാണ് ടാവി. ഈ ചികിത്സാ രീതിയിൽ രോഗിക്ക് ചെറിയ ഒരു അനസ്തിസിയ നൽകി മയക്കി കിടത്തേണ്ട ആവശ്യമേ ഉള്ളു. കൂടാതെ വലിയ മുറിവ് ഉണ്ടാകുന്നില്ലാത്തതിനാൽ രക്തനഷ്ടം വളരെ കുറവാണ്. കുറഞ്ഞ ദിവസത്തെ ആശുപത്രിവാസമേ വേണ്ടതുള്ളൂ. കാർഡിയോളജിസ്റ്റ്മാരായ ഡോ. ടി.ജെ. ജയകുമാർ, ഡോ.രാജേഷ് ഗോപിനാഥ്, അനെസ്തേസിയോളജിസ്റ്റ് ഡോ.ജോൺ ഫ്രാൻസിസ് എന്നിവരടങ്ങുന്ന സംഘമാണ് ചികിത്സ നടത്തിയത്. രോഗികൾ മൂന്നു പേരും സുഖം പ്രാപിച്ച് വീട്ടിലേക്ക് മടങ്ങി.

നീലക്കുറിഞ്ഞി ജൈവവൈവിധ്യ പഠനോത്സവം/മെഗാ ക്വിസ് മത്സരം 2025

തൃശൂർ:ഹരിത കേരള മിഷന്റെ നേതൃത്വത്തിൽ വിദ്യാഭ്യാസ വകുപ്പ്, വിദ്യാകരണം എന്നീ വകുപ്പുകളുടെ സഹകരണത്തോടെ സ്കൂൾ വിദ്യാർഥികൾക്കായി നീലക്കുറിഞ്ഞി ജൈവവൈവിധ്യ പഠനോത്സവവും മെഗാ ക്വിസ് മത്സരവും സംഘടിപ്പിക്കുന്നു. അടുത്ത അധ്യയന വർഷം ഏഴ്, എട്ട്, ഒമ്പത് ക്ലാസുകളിലേക്ക് പ്രവേശിക്കുന്ന വിദ്യാർഥികൾക്ക് മത്സരത്തിൽ പങ്കെടുക്കാം. പരിസ്ഥിതി, ജൈവവൈവിധ്യം എന്നീ വിഷയങ്ങളെ അധികരിച്ചായിരിക്കും ക്വിസ് മത്സരം.

ഏപ്രിൽ 25ന് ബ്ലോക്കുതലത്തിലും 29ന് ജില്ലാതലത്തിലും സംഘടിപ്പിക്കുന്ന ക്വിസ് മത്സരത്തിലെ വിജയികൾക്ക് മേയ് 16 മുതൽ മൂന്നു ദിവസം അടിമാലി, മൂന്നാർ എന്നിവിടങ്ങളിൽ നടക്കുന്ന പഠനോത്സവ ക്യാമ്പിൽ പങ്കെടുക്കാം.

ജൈവവൈവിധ്യത്തെക്കുറിച്ചും സംരക്